ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം പിൻ-695035
ഫോൺ: 0471-2302490. ഫാക്സ്: 0471-2302525
Email: dhskerala@gmail.com Website: www.dhs.kerala.gov.in

ഇ.എ5- 67420/2022/ആ,വ.ഡ                                                    തീയതി 22.12.2022

## സർക്കുലർ

വിഷയം: ആ.വ.ഡ: ജീവനക്കാര്യം:- അസിസ്റ്റന്റ് സർജൻ/ അസിസ്റ്റന്റ് ഡന്റൽ സർജൻ/ ജൂനിയർ കൺസൽട്ടന്റ് എന്നീ തസ്തികയിലുള്ള മെഡിക്കൽ ഓഫീസർമാരുടെ നിയമനം ക്രമപ്പെടുത്തുന്നതു സംബന്ധിച്ച്:

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ആരോഗ്യ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച അസിസ്റ്റന്റ് സർജൻ/ അസിസ്റ്റന്റ് ഡന്റൽ സർജൻ/ ജൂനിയർ കൺസൽട്ടന്റ് എന്നീ തസ്തികയിലുള്ള മെഡിക്കൽ ഓഫീസർമാരുടെ നിയമനം ക്രമപ്പെടുത്തേണ്ടതായിട്ടുണ്ട്. 2009 വർഷം മുതൽ ജോലിയിൽ പ്രവേശിച്ച, മേൽപ്പറഞ്ഞ തസ്തികകളിലെ ജീവനക്കാരുടെ നിയമനം ക്രമപ്പെടുത്തുവാൻ അവശേഷിക്കുന്നുണ്ട്. പ്രസ്തുത നടപടി ക്രമം പൂർത്തിയാക്കുന്നതിലേയ്ക്കായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

നിയമനം ക്രമപ്പെടുത്തുന്നതിന്, 14.12.2010 തീയതി വരെ ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് പോലീസ് വെരിഫിക്കേഷൻ മാത്രമേ ആവശ്യമായിട്ടുള്ളു. 15.12.2010 മുതൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് പോലീസ് വെരിഫിക്കേഷനും, പി.എസ്.സി വെരിഫിക്കേഷനും ആവശ്യമാണ്. 2017 വർഷം മുതൽ ജോലിയിൽ പ്രവേശിച്ചവർക്ക് പി.എസ്.സി വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടുണ്ട്.

പോലീസ് വെരിഫിക്കേഷൻ പ്രൊഫോർമയായ അനക്സർ I, പി.എസ്.സി വെരിഫിക്കേഷൻ പ്രൊഫോർമയായ പേഴ്സണൽ മെമ്മോറാണ്ടം എന്നീ ഫോമുകൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. ടി ഫോമുകൾ ഫോൺനമ്പർ ഉൾപ്പെടെ അഡ്രസ്സും മറ്റ് വിവരങ്ങളും രേഖപ്പെടുത്തി, ഇതോടൊപ്പം പി.എസ്.സി നിയമന ശുപാർശ, ഈ ഓഫീസിൽ നിന്നും ലഭിച്ച നിയമന ഉത്തരവ്

(കൗൺസിലിംഗ് മുഖേന നിയമനം ലഭിച്ചവർ, ആയത് അറിയിച്ച് ഈ ഓഫീസിൽ നിന്നും ലഭ്യമാക്കിയ ഉത്തരവിന്റെ പകർപ്പുകൂടി ഉൾക്കൊള്ളിച്ചിരിക്കണം), ജോലിയിൽ പ്രവേശിച്ച ആർ.ടി.സി (ജോലിയിൽ പ്രവേശിച്ച ശേഷം നിയമനം ക്രമപ്പെടുത്താതെ ശൂന്യവേതനാവധിയെടുത്തവർ, ആയതിനുശേഷം fresh entrant ആയി ജോലിയിൽ പ്രവേശിച്ച ആർ.ടി.സി) എന്നിവയുടെ പകർപ്പുകൾ സഹിതം നിയമന പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അസ്സൽ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, നിയമന ഉത്തരവിനോടൊപ്പം ആതാത് ജില്ലാ മെഡിക്കൽ ഓഫീസർക്ക് അയച്ചുനൽകിയിട്ടുണ്ടെങ്കിൽ ആയതുകൂടി ഇതോടൊപ്പം മടക്കി അയയ്ക്കേണ്ടതാണ്.

പി.എസ്.സി, പോലീസ് വെരിഫിക്കേഷൻ നടന്നിട്ടും നിയമനം ക്രമപ്പെടുത്തി ഉത്തരവ് ലഭ്യമാകാത്തവർ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട് മേൽപറഞ്ഞ പ്രകാരം ആവശ്യമായ രേഖകൾ സമർപ്പിക്കേണ്ടതാണ്.

പി.എസ്.സി/ പോലീസ് വെരിഫിക്കേഷൻ നാളിതുവരെ നടന്നിട്ടില്ലാത്ത ജീവനക്കാർ അടിയന്തിരമായി മേൽപ്പറഞ്ഞ പ്രകാരം ആയതിനുള്ള അപേക്ഷ നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടും, പി.എസ്.സി നിയമന പരിശോധന റിപ്പോർട്ടും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായെങ്കിൽ മാത്രമേ മേൽപ്പറഞ്ഞ ജീവനക്കാരുടെ നിയമനം ക്രമീകരിക്കുവാൻ സാധിക്കുകയുള്ളൂ.

ഒപ്പ്

**ഡോ. വി.മീനാക്ഷി**
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
(അതത് ജില്ലയിലെ എല്ലാ സ്ഥാപനങ്ങളിലേക്കും അയക്കുന്നതിനായി)

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**